# പോലീസ് വകുപ്പ്
## കേരളം

**No. E1-15157/2026/CC**
സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
✉cpkkd.pol@kerala.gov.in
✆04952722673
തീയതി. 10-03-2026

**ടെണ്ടർ നോട്ടീസ് 1/2026**

കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയുടെ കര്യാലയത്തിലെയും സബ് യൂണിറ്റുകളിലെയും ലെസർജെറ്റ് പ്രിന്ററുകളുടെയും, ഇങ്ക് ജെറ്റ് പ്രിൻ്ററുകളുടെയും 2026-2027 സാമ്പത്തിക വർഷത്തെ അറ്റകുറ്റ പണികളും ടോണർ റിഫില്ലിങ്ങും നടത്തുന്നതിനുവേണ്ടി താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ ഫോറത്തിൽ ചുവടെ കാണിച്ചിരിക്കുന്ന ജനങ്ങളുടെ വില രേഖപ്പെടുത്തി "കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയുടെ കര്യാലയത്തിലെയും സബ് യൂണിറ്റുകളിലെയും ലെസർജെറ്റ് പ്രിൻ്ററുകളുടെ അറ്റകുറ്റ പണികളും ടോണർ റിഫില്ലിങ്ങും നടത്തുന്നതിനുള്ള ടെണ്ടർ" എന്ന 'ഹെഡിങ്ങോടുകൂടിയ മുദ്രവെച്ച കവറിൽ ഉള്ളടക്കം ചെയ്ത ടെണ്ടറുകൾ 23.03.2026 തിയ്യതിക്ക് മുമ്പ് ജില്ല പോലീസ് ഓഫീസ്, മാനാഞ്ചിറ പി ഒ, കോഴിക്കോട് സിറ്റി. 673001 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ടെണ്ടറുകൾ, ടെണ്ടർ നൽകിയതോ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തിയതോ ആയ വ്യക്തികളുടെ സാന്നിധ്യത്തിൽ 24.03.2026 തിയ്യതി രാവിലെ 11.00 മണിക്ക് ജില്ല പോലീസ് ഓഫീസിൽ വെച്ച് തുറക്കുന്നതാണ്.

| ക്രമ നംമ്പർ | തുക രേഖപ്പെടുത്തേണ്ട ഇനങ്ങൾ | തുക |
|---|---|---|
| 1 | ടോണർ | |
| 2 | ടോണർ (137,177 Brother Model | |
| 3 | ടോണർ (Canon MF 271dw,272dw,274dw) | |
| 4 | ബ്ലേഡ് | |
| 5 | എം.ആർ.എസ്. | |
| 6 | പി.സി.ആർ | |
| 7 | സ്ലീവ് | |
| 8 | പ്രഷർ റോളർ | |
| 9 | പിക്കപ്പ് റോളർ | |
| 10 | യു.എസ്.ബി പ്രിന്റ് കേബിൾ | |
| 11 | പവർ കേബിൾ | |
| 12 | ഇങ്ക് കാട്രിഡ്ജ് ബ്ലാക്ക് | |

**നിബന്ധനകൾ**

1. ടെണ്ടറിൽ പങ്കെടുക്കുന്നവർ ആകെ ടെണ്ടർ തുകയുടെ 0.2% (600രൂപ) ടെണ്ടർ ഫീസായി ജില്ല

E1-15157/2026/CC 7a00d7

പോലീസ് ഓഫീസിൽ പണമായോ അല്ലെങ്കിൽ ജില്ല പോലീസ് മേധാവി, കോഴിക്കോട് സിറ്റി എന്ന പേരിൽ DD ആയോ ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറി ചലാൻ ആയോ അടവാക്കാവുന്നതാണ്.

2. ടെണ്ടറിൽ പങ്കെടുക്കുന്നവർ ആകെ ടെണ്ടർ തുകയുടെ 1% EMD (7000രൂപ) ജില്ല പോലീസ് ഓഫീസിൽ പണമായോ അല്ലെങ്കിൽ ജില്ല പോലീസ് മേധാവി, കോഴിക്കോട് സിറ്റി എന്ന പേരിൽ DD ആയോ അടക്കേണ്ടതാണ്.

3. ടെണ്ടർ ലഭിക്കുന്നവർ 200/- രൂപയുടെ മുദ്ര പത്രത്തിൽ ധാരണാപത്രം സമർപ്പിക്കേണ്ടതാണ്.

4. ടെണ്ടർ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് സിറ്റി ജില്ല പോലീസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

5. കാരണം കാണിക്കാതെ ടെണ്ടർ നടപടിക്രമങ്ങൾ റദ്ദാക്കുന്നതിനുള്ള അധികാരം കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജയ്ദേവ് ജി ഐപിഎസ്
പോലീസ് കമ്മീഷണർ

സ്വീകർത്താവ് : 1. തിരുവനന്തപുരം സർക്കാർ പ്രസ് സൂപ്രണ്ടിന് കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി. 2. കോഴിക്കോട് ജില്ല ഇൻഫർമേഷൻ ഓഫീസർക്ക് മുഖ്യധാരാ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി 3. എല്ലാ ജില്ല പോലീസ് മേധാവിമാർക്കും 4.കോഴിക്കോട് സിറ്റി ജില്ലയിലെ എല്ലാ ഓഫീസർമാർക്കും 5. പോലീസ് വെബ്സൈറ്റ്, നോട്ടീസ് ബോർഡ് 6. സ്റ്റോക്ക് ഫയൽ